# എഡിറ്റോറിയൽ

സാങ്കേതികതയുടെ ഉൽപ്പന്നമായി രൂപപ്പെട്ട കലയാണ് സിനിമ. വിവിധ കലകളുടെ സമന്വയവും സാങ്കേതികതയുടെ തികവും ഓരോ ദിനവും നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മാന്ത്രികതയും ഈ കലാരൂപം പ്രകടിപ്പിക്കുന്നു. ആസ്വാദക മനസുകളിൽ അനുനിമിഷം ദൃശ്യവിസ്മയങ്ങൾക്കൊണ്ട് അത്ഭുതം തീർക്കുന്ന ഈ സാങ്കേതികസൃഷ്ടി. സിനിമ അതിന്റെ ചരിത്രപഥങ്ങളിൽ വിവിധ പ്രത്യയശാസ്ത്രങ്ങളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും വേറിട്ട മാനങ്ങളെ വെളിപ്പെടുത്തി. ഈ വൈവിധ്യവത്ക്കരണത്തിന്റെയും ആവിഷ്ക്കാര ത്തിന്റെയും വിവിധ ഘട്ടങ്ങളെ വിശകലനം ചെയ്യുന്ന പ്രബന്ധങ്ങളാണ് ഈ ലക്കം ജേർണലിൽ മുഖ്യമായും ഉൾപ്പെടുത്തിയിരിക്കുന്നത്. സാംസ്കാരികവൈവിധ്യവും ജീവിതവും രാഷ്ട്രീയവും പ്രത്യയശാസ്ത്രങ്ങളും സിനിമകളെ എങ്ങനെ രൂപപ്പെടുത്തി, അവ എങ്ങനെ സിനിമാചരിത്രത്തിൽ നിർണ്ണായകങ്ങളായി, ക്ലാസിക്കുകളായി എന്നെല്ലാം ഈ പ്രബന്ധങ്ങൾ അന്വേഷണവിധേയമാക്കുന്നു. ഒപ്പം കാലവും ജീവിതവും മൊഴിഞ്ഞ ഉണ്മയുടെ തലങ്ങൾ സർഗാത്മകതയുടെ വിവിധ പാഠങ്ങളിലൂടെ അപനിർമിക്കപ്പെടുന്നതിന്റെ ചരിത്രം വെളിപ്പെടുത്തുന്ന വിവിധ ഗവേഷണപഠനങ്ങളും ഈ ലക്കത്തിലുണ്ട്. അക്കാദമികമേഖലയ്ക്കും അധ്യാപകർക്കും ഗവേഷകർക്കും ഈ പഠനങ്ങൾ പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

**പ്രൊഫ. ഡോ. തോമസ് സ്കറിയ**